**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3632** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രോട്ടോകോൾ ലംഘിക്കുവാൻ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കോവിഡ് പ്രോട്ടോകോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ചുകൊണ്ട് ബസ് സർവ്വീസ് നടത്തണമെന്ന് കെ.എസ്.ആർ.ടി.സി. നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ടായിരുന്നു. |
| (ബി) | നിർദ്ദേശം കൃത്യമായി പാലിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നോ; ബസ്സിനുള്ളിൽ സാമൂഹ്യ അകലം എപ്രകാരം പാലിക്കണമെന്നാണ് നിർദ്ദേശമുണ്ടായിരുന്നത്; സർക്കാരിന്റെ പ്രോട്ടോകോൾ പ്രകാരമുള്ള നിർദ്ദേശമല്ലായിരുന്നെങ്കിൽ സാമൂഹ്യ അകലം പാലിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കോവിഡ് വ്യാപനം മൂലം ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുഗതാഗതം അനുവദിച്ചുകൊണ്ട് പൊതുവായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കണം എന്നുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.യും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യ ഘട്ടങ്ങളിൽ ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്രക്കാരെ നിർത്തി യാത്ര അനുവദിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽ നിന്നും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. സംസ്ഥാനത്ത് പൊതുവെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നത്. എന്നാൽ നിയന്ത്രണങ്ങളിൽ അയവു വരുന്ന ഘട്ടത്തിലും ചില അവശ്യ ഘട്ടങ്ങളിലും സ്ത്രീകൾ, വൃദ്ധർ, രോഗികൾ എന്നിവർക്കും, രാത്രി അവസാന ട്രിപ്പുകളിലും ഉൾഗ്രാമങ്ങളിലേയ്ക്ക് പോകുന്ന ചുരുക്കം ഒറ്റപ്പെട്ട സർവ്വീസുകളിലും ചില സ്ഥലങ്ങളിലേയ്ക്കുള്ള അവസാന സർവ്വീസുകൾ, മാനുഷിക പരിഗണനയിൽ ഇത്തരം പ്രത്യേക പരിഗണന അർഹിക്കുന്ന വരെ ബസ്സിനുള്ളിൽ കഴിവതും സാമൂഹിക അകലം പാലിച്ച് കൊണ്ട് |

| | | | |
|---|---|---|---|
| | | | പോകേണ്ടതായി വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിയും ബോദ്ധ്യപ്പെട്ടുമാണ് മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാർക്ക് നിർദ്ദേശം സാധാരണ ഗതിയിൽ എഴുതി നൽകുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല. |
| (സി) | ബസ്സിനുള്ളിൽ സാമൂഹ്യ അകലം പാലിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമുണ്ടെങ്കിൽ ആയത് ലംഘിക്കുന്നതിന് ഡ്യൂട്ടിക്കിടയിൽ കണ്ടക്ടറുടെ വേ ബില്ലിൽ രേഖപ്പെടുത്തി നൽകിയ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനെതിരെ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ: എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | കോവിഡ് വ്യാപനം മൂലം ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുഗതാഗതം അനുവദിച്ചുകൊണ്ട് പൊതുവായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കണം എന്നുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.യും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യ ഘട്ടങ്ങളിൽ ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്രക്കാരെ നിർത്തി യാത്ര അനുവദിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽ നിന്നും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. സംസ്ഥാനത്ത് പൊതുവെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നത്. എന്നാൽ നിയന്ത്രണങ്ങളിൽ അയവു വരുന്ന ഘട്ടത്തിലും ചില അവശ്യ ഘട്ടങ്ങളിലും സ്ത്രീകൾ, വൃദ്ധർ, രോഗികൾ എന്നിവർക്കും, രാത്രി അവസാന ട്രിപ്പുകളിലും ഉൾഗ്രാമങ്ങളിലേയ്ക്ക് പോകുന്ന ചുരുക്കം ഒറ്റപ്പെട്ട സർവ്വീസുകളിലും ചില സ്ഥലങ്ങളിലേയ്ക്കുള്ള അവസാന സർവ്വീസുകൾ, മാനുഷിക പരിഗണനയിൽ ഇത്തരം പ്രത്യേക പരിഗണന അർഹിക്കുന്ന വരെ ബസ്സിനുള്ളിൽ കഴിവതും സാമൂഹിക അകലം പാലിച്ച് കൊണ്ട് പോകേണ്ടതായി വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിയും ബോദ്ധ്യപ്പെട്ടുമാണ് മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാർക്ക് നിർദ്ദേശം സാധാരണ ഗതിയിൽ എഴുതി നൽകുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല. |
| (ഡി) | സർക്കാർ തീരുമാനം പരസ്യമായി ലംഘിക്കാൻ ജീവനക്കാരോട് രേഖാമൂലം ആവശ്യപ്പെട്ടത് വകുപ്പുമേധാവിയെ കോർപ്പറേഷൻ രേഖാമൂലം അറിയിച്ചിരുന്നോ; ഇക്കാര്യത്തിൽ കോർപ്പറേഷൻ | (ഡി) | കോവിഡ് വ്യാപനം മൂലം ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുഗതാഗതം അനുവദിച്ചുകൊണ്ട് പൊതുവായി |

| | | | |
|---|---|---|---|
| | സ്വീകരിച്ച തുടർനടപടികൾ തീയതി സഹിതം അറിയിക്കുമോ; | | പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കണം എന്നുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.യും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യ ഘട്ടങ്ങളിൽ ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്രക്കാരെ നിർത്തി യാത്ര അനുവദിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽ നിന്നും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. സംസ്ഥാനത്ത് പൊതുവെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നത്. എന്നാൽ നിയന്ത്രണങ്ങളിൽ അയവു വരുന്ന ഘട്ടത്തിലും ചില അവശ്യ ഘട്ടങ്ങളിലും സ്ത്രീകൾ, വൃദ്ധർ, രോഗികൾ എന്നിവർക്കും, രാത്രി അവസാന ട്രിപ്പുകളിലും ഉൾഗ്രാമങ്ങളിലേയ്ക്ക് പോകുന്ന ചുരുക്കം ഒറ്റപ്പെട്ട സർവ്വീസുകളിലും ചില സ്ഥലങ്ങളിലേയ്ക്കുള്ള അവസാന സർവ്വീസുകൾ, മാനുഷിക പരിഗണനയിൽ ഇത്തരം പ്രത്യേക പരിഗണന അർഹിക്കുന്ന വരെ ബസ്സിനുള്ളിൽ കഴിവതും സാമൂഹിക അകലം പാലിച്ച് കൊണ്ട് പോകേണ്ടതായി വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിയും ബോദ്ധ്യപ്പെട്ടുമാണ് മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാർക്ക് നിർദ്ദേശം സാധാരണ ഗതിയിൽ എഴുതി നൽകുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല. |
| (ഇ) | സർക്കാർ തീരുമാനത്തിനെതിരെ പ്രവർത്തിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പ് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (ഇ) | കോവിഡ് വ്യാപനം മൂലം ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുഗതാഗതം അനുവദിച്ചുകൊണ്ട് പൊതുവായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായും പാലിക്കണം എന്നുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.യും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യ ഘട്ടങ്ങളിൽ ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്രക്കാരെ നിർത്തി യാത്ര അനുവദിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽ നിന്നും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കെ.എസ്.ആർ.ടി.സി. നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. സംസ്ഥാനത്ത് പൊതുവെ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ പാലിച്ചാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നത്. എന്നാൽ നിയന്ത്രണങ്ങളിൽ അയവു വരുന്ന ഘട്ടത്തിലും ചില അവശ്യ ഘട്ടങ്ങളിലും സ്ത്രീകൾ, വൃദ്ധർ, രോഗികൾ എന്നിവർക്കും, രാത്രി അവസാന ട്രിപ്പുകളിലും ഉൾഗ്രാമങ്ങളിലേയ്ക്ക് പോകുന്ന ചുരുക്കം ഒറ്റപ്പെട്ട സർവ്വീസുകളിലും ചില സ്ഥലങ്ങളിലേയ്ക്കുള്ള അവസാന സർവ്വീസുകൾ, മാനുഷിക പരിഗണനയിൽ ഇത്തരം പ്രത്യേക പരിഗണന അർഹിക്കുന്ന വരെ ബസ്സിനുള്ളിൽ കഴിവതും സാമൂഹിക അകലം പാലിച്ച് കൊണ്ട് പോകേണ്ടതായി വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിയും ബോദ്ധ്യപ്പെട്ടുമാണ് മേൽ ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള കണ്ടക്ടർമാർക്ക് നിർദ്ദേശം സാധാരണ ഗതിയിൽ എഴുതി നൽകുന്നത്. ആയതിനാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല. |
| (എഫ്) | സർക്കാർ തീരുമാനങ്ങൾ പരസ്യമായി ലംഘിക്കാൻ തയ്യാറായ ഉദ്യോഗസ്ഥന്റെ വിവരം ഗതാഗത വകുപ്പ് പൊതുഭരണ വകുപ്പിന് കൈമാറിയിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (എഫ്) | പൊതുവെ സംസ്ഥാനത്ത് നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ച് കെ.എസ്.ആർ.ടി.സി.യുടെ നിർദ്ദേശങ്ങൾ പാലിച്ചാണ് സർവ്വീസുകൾ നടത്തി വരുന്നത്. നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥനെതിരെ 2021-ൽ വകുപ്പ് തല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ജി) | ഇതുമായി ബന്ധപ്പെട്ടല്ലാതെ നെയ്യാറ്റിൻകര ഡിപ്പോയിലെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ 2021-ൽ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ? | (ജി) | പൊതുവെ സംസ്ഥാനത്ത് നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ച് കെ.എസ്.ആർ.ടി.സി.യുടെ നിർദ്ദേശങ്ങൾ പാലിച്ചാണ് സർവ്വീസുകൾ നടത്തി വരുന്നത്. നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥനെതിരെ 2021-ൽ വകുപ്പ് തല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

Annexure of 3632
അനുബന്ധം – I

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം - 695 023 ഫോൺ : 0471-2471011
വെബ്സൈറ്റ് :: www.keralartc.com ഇമെയിൽ : cmd@kerala.gov.in :: ഫാക്സ് : 0471-2462679
ട്രാഫിക് സെക്ഷൻ ഇമെയിൽ : traffic@kerala.gov.in : ഫോൺ.: 0471-2471011 എക്സ്റ്റൻഷൻ.248

ടി.ആർ.1/001601/2021 തീയതി: 22.04.2021

## മെമ്മോറാണ്ടം

വിഷയം:- കോവിഡ് രണ്ടാം തരംഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ കർഫ്യു ഏർപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് സംബന്ധിച്ച് –

കോവിഡ് വ്യാപനം സംസ്ഥാനത്ത് ശക്തമായ സാഹചര്യത്തിൽ സർക്കാർ രാത്രികാല കർഫ്യു ഉൾപ്പെടെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതിനകം തന്നെ യാത്രക്കാരുടെ എണ്ണത്തിൽ വൻ കുറവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാലും ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് രാവിലെ 07.00 മണി മുതൽ രാത്രി 07.00 മണി വരെയുള്ള തിരക്കേറിയ സമയത്ത് കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിന് നിർബന്ധിതമായിരിക്കുകയാണ്. ആയതിനാൽ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### A) ഷെഡ്യൂൾ / ജീവനക്കാരുടെ പുന:ക്രമീകരണം

1. പരമാവധി ഓർഡിനറി / ഹ്രസ്വദൂര ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ രാവിലെ 07.00 മണി മുതൽ 19.00 മണി വരെ ഓപ്പറേറ്റ് ചെയ്യേണ്ടതാണ്. 12 മണിക്കൂർ സ്പ്രെഡ് ഓവറിൽ തിരക്കുള്ള സമയമായ രാവിലെ 07.00 മണി മുതൽ 11.00 മണി വരെയും, 15.00 മണി മുതൽ 19.00 മണി വരെയും രണ്ട് സ്പെല്ലുകളിലായി 7 മണിക്കൂർ Steering hours വരുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടിയായി ജീവനക്കാരെ ക്രമീകരിക്കേണ്ടതാണ്. രാവിലെ 11.00 മണി മുതൽ 15.00 മണി വരെയുള്ള സമയവും, രാവിലെ 07.00 മണിക്ക് മുമ്പും 19.00 മണിക്ക് ശേഷവും വരുമാനമുള്ള ട്രിപ്പുകളുള്ള ഷെഡ്യൂളുകളുടെ പ്രസ്തുത ട്രിപ്പുകൾ നിലനിർത്തി മറ്റ് ജീവനക്കാർക്ക്

സിംഗിൾ ഡ്യൂട്ടി ക്രമീകരിക്കേണ്ടതാണ്. ഡബിൾ ഡ്യൂട്ടി സമ്പ്രദായം ഇരുപത് ശതമാനത്തിലധികം ജീവനക്കാർക്ക് ഒരു കാരണവശാലും നൽകാൻ പാടില്ല. അങ്ങനെ നൽകേണ്ട സാഹചര്യം ഉണ്ടായാൽ അതിന് ചീഫ് ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

2. രാത്രികാല കർഫ്യൂ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സമയങ്ങളിൽ സർക്കാർ പൊതുഗതാഗതം അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ 60% ദീർഘദൂര സർവ്വീസുകളും യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് പരിമിതമായ തോതിൽ ഓർഡിനറി സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.
3. പകൽ സമയമുള്ള ദീർഘദൂര സർവ്വീസുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.
4. ഒരു ഡിപ്പോയിൽ നിന്നും ഒരേ സമയം ഒന്നിൽ കൂടുതൽ ബസ്സുകൾ ഒരു റൂട്ടിലേയ്ക്ക് പുറപ്പെടാൻ പാടില്ല. ഒരേ റൂട്ടിൽ പോകുന്ന ബസ്സുകൾക്ക് 15 മിനിട്ട് മുതൽ 30 മിനിട്ട് വരെയെങ്കിലും ഇടവേള ഉണ്ടായിരിക്കണം.
5. സ്റ്റാൻഡ് ബൈയിൽ വരുന്ന ജീവനക്കാർ അവരവരുടെ ഷെഡ്യൂൾ ഡ്യൂട്ടിയ്ക്ക് ഹാജരാകേണ്ടതും ഒരു സ്പെല്ലിൽ 7 മണിക്കൂർ ഡിപ്പോയിൽ ഉണ്ടായിരിക്കേണ്ടതുമാണ്. സ്റ്റാൻഡ് ബൈ ഹാജറിന് അർഹതയുള്ള ജീവനക്കാർക്ക് ഒരു കലണ്ടർ ദിനത്തിൽ ഒരു ഡ്യൂട്ടി എന്ന ക്രമത്തിൽ അനുവദിക്കാവുന്നതാണ്. ആഴ്ചയിൽ രണ്ട് ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും ഉള്ള ജീവനക്കാർക്ക് മാത്രമേ സ്റ്റാൻഡ് ബൈ ഹാജരിന് അർഹതയുള്ളൂ.

## B) കൊവിഡ് മുൻകരുതലുകൾ

1. മാസ്ക് ധരിക്കാത്ത ഒരാളെ പോലും ബസ്സിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
2. യാത്രക്കാർ യാത്രയിലുടനീളം മാസ്ക് ശരിയായ രീതിയിൽ ധരിച്ചിരിട്ടുണ്ടെന്ന് കണ്ടക്ടർമാർ ഉറപ്പ് വരുത്തണം. ഇപ്രകാരം ചെയ്യാത്ത പക്ഷം ഈ യാത്രക്കാരനെ യാത്ര ചെയ്യുവാൻ അനുവദിക്കേണ്ടതില്ല. തർക്കമുണ്ടാകുന്ന പക്ഷം പോലീസ് സഹായം തേടേണ്ടതാണ്.

3. ശരിയായ രീതിയിൽ മാസ്ക് ധരിച്ച യാത്രക്കാരെ മാത്രമേ ബസ്സുകളിൽ യാത്ര ചെയ്യാൻ അനുവദിക്കുകയുള്ളൂ എന്ന ബോർഡ് എല്ലാ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പ്രദർശിപ്പിക്കേണ്ടതും, പ്രസ്തുത വിവരം അനൗൺസ് ചെയ്യേണ്ടതുമാണ്.
4. കണ്ടക്ടർമാർ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.
5. എല്ലാ ഡിപ്പോകളിലും ജീവനക്കാർക്ക് കൈകൾ വൃത്തിയാക്കുന്നതിനായി liquid soap-ഉം, വെള്ളവും ലഭ്യമാക്കേണ്ടതാണ്.
6. സർവ്വീസ് കഴിഞ്ഞ് വരുന്ന ബസ്സുകൾ അണുവിമുക്തമാക്കി മാത്രമേ അടുത്ത സർവ്വീസിന് നൽകാവൂ.
7. ജീവനക്കാർക്ക് വിശ്രമിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സ്ലീപ്പർ ബസ്സുകൾ ദിവസേന അണുവിമുക്തമാക്കേണ്ടതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

സ്വീകർത്താക്കൾ

എല്ലാ മേഖലാധികാരികൾക്കും
എല്ലാ യൂണിറ്റ് ഓഫീസർമാർക്കും

Radha
Section officer

Annexure of 3632


# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം - 695 023 ഫോൺ : 0471-2471011
വെബ്സൈറ്റ് :: www.keralartc.com ഇമെയിൽ : cmd@kerala.gov.in :: ഫാക്സ് : 0471-2462679
ട്രാഫിക് സെക്ഷൻ ഇമെയിൽ : traffic@kerala.gov.in : ഫോൺ.: 0471-2471011 എക്സ്റ്റൻഷൻ.248


ടി.ആർ.1/001601/2021

തീയതി: 16.06.2021

## മെമ്മോറാണ്ടം

വിഷയം:- ലോക്ക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ 17.06.2021 മുതൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് –

സൂചന :- G.O (Rt.) No.467/2021/DMD, dtd. 15.06.2021.

സംസ്ഥാന സർക്കാർ 2021 ജൂൺ 17 മുതൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച് കോവിഡ് നിബന്ധനങ്ങൾ പാലിച്ച് പൊതുഗതാഗതം ആവശ്യത്തിനനുസരിച്ച് അനുവദിച്ച സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം സർവ്വീസുകൾ നടത്തേണ്ടത്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സി, ഡി എന്നീ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ (ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20 ശതമാനത്തിൽ കൂടിയ) പ്രദേശങ്ങളിൽ സ്റ്റോപ്പ് അനുവദിക്കേണ്ടതില്ല.
3. യാത്രക്കാർ കൂടുതലുള്ളതും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.
4. ദീർഘദൂര സർവ്വീസുകൾ നിലവിലെ ഡ്യൂട്ടി പാറ്റേൺ അനുസരിച്ച് ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.
5. എന്നാൽ ഓർഡിനറി ബസ്സുകൾ 12 മണിക്കൂർ വരുന്ന രീതിയിൽ, അതായത് രാവിലെ 05.00 മണി മുതൽ 17.00 മണി വരെ, 06.00 മണി മുതൽ 18.00 മണി വരെ, 07.00 മണി മുതൽ 19.00 മണി വരെ എന്ന രീതിയിൽ യാത്രക്കാരുടെ ആവശ്യാനുസരണം ക്രമീകരിക്കേണ്ടതാണ്. ഇത്തരം സർവ്വീസുകളിൽ നിയോഗിക്കുന്ന ജീവനക്കാർക്ക്

യാത്രാ തിരക്ക് തീരെ കുറവുള്ള സമയങ്ങളിൽ പരമാവധി 4 മണിക്കൂർ വരെ വിശ്രമം അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ 12 മണിക്കൂറിൽ ക്രമീകരിക്കാൻ പറ്റാത്ത ഓർഡിനറി സർവ്വീസുകളെ സിംഗിൾ ഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണ്.

രാവിലെ 07.00 മണിയ്ക്ക് മുമ്പും 19.00 മണിയ്ക്ക് ശേഷവും അത്യാവശ്യമായി വരുന്ന പരിമിതമായ എണ്ണം ബസ്സുകൾ മാത്രം യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ഓപ്പറേറ്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത്തരത്തിൽ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ ആഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ 4 ദിവസം ജോലിയ്ക്ക് വന്നാൽ മതിയാകും. തിങ്കൾ, വെള്ളി തുടങ്ങി യാത്രക്കാർ കൂടുതലുള്ള ദിവസങ്ങളിൽ പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യത്തക്ക തരത്തിൽ ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണ്.

6. ഓർഡിനറി ബസ്സുകളിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഡബിൾ ഡ്യൂട്ടി സമ്പ്രദായം അനുവദിക്കേണ്ടതില്ല. എല്ലാപേർക്കും ഫിസിക്കൽ ഡ്യൂട്ടി ലഭിക്കും വിധം ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണ്.

7. സമ്പൂർണ്ണ ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന ശനി, ഞായർ ദിവസങ്ങളിൽ സർവ്വീസുകൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവശ്യ സർവ്വീസുകൾക്കായുള്ള ബസ്സുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം ദീർഘദൂര ബസ്സുകൾ വീണ്ടും പുനരാരംഭിക്കേണ്ടതാണ്.

നിലവിലെ സാഹചര്യം പരിഗണിച്ച് ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും, യാത്രക്കാർക്ക് ആവശ്യമുള്ള മുറയ്ക്ക് സർവ്വീസുകൾ ക്രമീകരിക്കുന്നതിനുമായി യൂണിറ്റ് ഓഫീസർമാർ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്. മേൽ പറഞ്ഞ തരത്തിൽ യൂണിറ്റധികാരികൾ സർവ്വീസുകൾ ക്രമീകരിക്കുന്നുണ്ടോ എന്ന് മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താക്കൾ

എല്ലാ മേഖലാധികാരികൾക്കും
എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
എല്ലാ വർക്ക്ഷോപ്പ് അധികാരികൾക്കും

പകർപ്പ്

ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും.